(ബി) സഹകരണ സ്ഥാപനത്തിലെ നിയമനം അതാതു സ്ഥാപനങ്ങളിൽ തന്നെ നിക്ഷിപ്തമാണ്. എന്നിരുന്നാലും സഹകരണ സംഘം രജിസ്ട്രാറുടെ 23-10-1976-ലെയും 2-7-1977-ലെയും സർക്കുലറുകളിൻ പ്രകാരം പത്തു ശതമാനം ഉദ്യോഗങ്ങൾ പട്ടിക ജാതി/ പട്ടിക വർഗ്ഗത്തിൽ പെട്ടവർക്കായി സംവരണം ചെയ്യണമെന്ന് സഹകരണ സ്ഥാപനങ്ങളോട് അഭ്യർത്ഥിച്ചിട്ടുണ്ട്. രജിസ്ട്രാറുടെ നിർദ്ദേശങ്ങൾക്ക് നിയമ പ്രാബല്യം നൽകുന്നതിനുള്ള നടപടികളും എടുത്തുവരുന്നുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

എ. എസ്. ഐ. മാരുടെ ചുമതലകൾ

* 737 [802] ശ്രീ. പി. പി. എസ്തോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനപോലീസിൽ കോൺസ്റ്റബിൾമാർ, ഹെഡ്കോൺസ്റ്റബിൾമാർ, എസ്.ഐ., സർക്കിൾ ഇൻസ്പെക്ടർ എന്നിവർക്ക് വല്ല അനുപാതവും നിശ്ചയിച്ചിട്ടുണ്ടോ;

(ബി) എ. എസ്. ഐ. മാർ എന്ന പോസ്റ്റുകളിൽ നിയമിതരായിട്ടുള്ളവർക്ക് പ്രത്യേക ചുമതലകളൊന്നും ഇല്ലെന്നും ഓരോ സ്റ്റേഷന്റെയും ചാർജ്ജുവഹിക്കുന്ന എസ്. ഐ. മാരുടെ ഇഷ്ടാനിഷ്ടങ്ങളെ അടിസ്ഥാനമാക്കിയാണ് ചുമതലകൾ ലഭിക്കുന്നതെന്നതും ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) ഇവർക്ക് കൃത്യമായി ചുമതലകൾ നിർണ്ണയിക്കുന്നതിന് ബന്ധപ്പെട്ട നിയമങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുവാൻ നടപടി സ്വീകരിക്കുമോ?

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) ഇല്ല. എന്നാൽ ഓരോ സ്റ്റേഷനിലേയും ക്രൈം കേസുകൾ, മറ്റുപരാതികൾ എന്നിവയുടെ എണ്ണം, ജനസംഖ്യാ വിസ്തീർണ്ണം എന്നിവ കണക്കിലെടുത്തുകൊണ്ട് ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ള യാഡ്സ്റ്റിക്കിന്റെ അടിസ്ഥാനത്തിലാണ് പോലീസ് ഉദ്യോഗസ്ഥൻമാരുടെ എണ്ണം നിശ്ചയിക്കുന്നത്.

(ബി) എ. എസ്. ഐ. മാർക്ക് വളരെ വ്യക്തമായി കർത്തവ്യങ്ങളും ചുമതലകളും ഏൽപിച്ചു കൊടുത്തിട്ടുണ്ട്. അതിനാൽ ആരോപണം അടിസ്ഥാനരഹിതമാണ്.

(സി) ചോദ്യം ഉദിക്കുന്നില്ല.

സംവരണം

* 738 [803] ശ്രീ. എൻ. കെ. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ജി. ഒ. (പി) നമ്പർ 545/78/ ജി. എ. ഡി. തീയതി 13-12-1978 ന്റെ അടിസ്ഥാനത്തിൽ പ്രത്യേക സംവരണം നൽകിയിട്ടുള്ള സമുദായങ്ങളൊഴിച്ച് ബാക്കിവരുന്ന 60-ൽ പരം ന്യൂനപക്ഷ പിന്നോക്കസമുദായങ്ങൾക്ക് നൽകിയിട്ടുള്ള സംവരണം എന്തടിസ്ഥാനത്തിലാണ്?

LIBRARY ARCHIVES Kerala Legislative Assembly